# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

15.02.2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1543

## ഏലം കർഷകർക്കുള്ള കർമ്മപദ്ധതി

**ചോദ്യം**

ശ്രീ. കെ.കെ.ജയചന്ദ്രൻ :

**ഉത്തരം**

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏലം കർഷകരെ സഹായിക്കുന്നതിനും ഏലത്തിന്റെ വില മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(എ) അന്താരാഷ്ട്ര സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി ഉണ്ടാകുന്ന നാണ്യവിളകളുടെ (കുരുമുളക്, കൊക്കൊ, കാപ്പി, അടക്ക, ഇഞ്ചി) വിലയിടിവിനു പരിഹാരമായി കർഷകർക്ക് സഹായധനം നൽകുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കുന്ന കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതിയിൽ 2011-12 വർഷം ഏലം കൂടി ഉൾപ്പെടുത്തിക്കൊണ്ട്, ഒരു കോടി രൂപ കോർപ്പസ് ഫണ്ടായി നിക്ഷേപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഏലം കർഷകരെ സഹായിക്കുന്നതിനായി, ഏലം രജിസ്ട്രേഷൻ ഒരു വർഷം മാത്രമായിരുന്നത് സംസ്ഥാന സർക്കാർ 24.04.2015 ലെ സർക്കാർ ഉത്തരവ് നം.72/15/എഡി പ്രകാരം സ്ഥിരം കാർഡമം രജിസ്ട്രേഷൻ എന്ന നിലയിൽ 8 വർഷത്തേക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ടി സർട്ടിഫിക്കറ്റ് ഏലം കർഷകർക്ക് സ്പൈസസ് ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഏറെ പ്രയോജനകരമായിട്ടുണ്ട്.

സ്പൈസസ് ബോർഡ് നടപ്പിലാക്കുന്ന ഇ-ലേല സമ്പ്രദായത്തിലൂടെയാണ് സംസ്ഥാനത്തെ ഏല ഉല്പാദനത്തിന്റെ 90 ശതമാനവും വിപണനം ചെയ്യുന്നത്. കേരളത്തിലും തമിഴ് നാട്ടിലും രണ്ട് ഇ-ലേല കേന്ദ്രങ്ങൾ അങ്ങനെ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ ഏലത്തിന് വിലസ്ഥിരത ഉറപ്പാക്കുന്നതിന് സാധിക്കുന്നു. ഏലത്തിന്റെ ലൈസൻസിംഗ് ആന്റ് മാർക്കറ്റിംഗ് റൂൾസ്

1987 ഭേദഗതി ചെയ്തുകൊണ്ട് 2014 ൽ ഏലത്തിന്റെ ലേലം കൂടുതൽ മത്സര സ്വഭാവമുള്ളതും, സുതാര്യമായതും, കർഷകർക്ക് താമസം കൂടാതെ തന്നെ ലേല വില ലഭിക്കുന്നതിനും സാഹചര്യമൊരുക്കിയിട്ടുണ്ട്. സ്പൈസസ് ബോർഡിന്റെ നേതൃത്വത്തിൽ ഇടുക്കി ജില്ലയിലെ പുറ്റടിയിൽ സ്ഥാപിച്ചിട്ടുള്ള "സ്പൈസസ്" പാർക്ക് ഏലത്തിന് പരമാവധി വില ഉറപ്പാക്കുന്നതിന് കർഷകരെ സഹായിക്കുന്നു. ഏലം ഉല്പന്നങ്ങളുടെ ക്ലീനിംഗ്, ഗ്രേഡിംഗ്, തരംതിരിക്കൽ, സ്റ്റോറേജ്, വിളസംസ്കരണം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്പൈസസ് പാർക്കിലൂടെ ലഭ്യമാക്കുന്നതുമൂലം പരമാവധി വില ലഭിക്കുന്നതിന് സാധിക്കുന്നു.

(ബി) 2012 മുതൽ ഓരോ വർഷത്തെയും ഏലയ്ക്കയുടെ ശരാശരി വിപണി വില ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്പൈസസ് ബോർഡിൽ നിന്നും ലഭിച്ച കണക്ക് പ്രകാരം ഏലക്കയുടെ ശരാശരി വിപണി വില ചുവടെ ചേർക്കുന്നു.

| വർഷം | വില (രൂപ/കി.ഗ്രാം) |
|---|---|
| 2011-12 | 645.62 |
| 2012-13 | 686.89 |
| 2013-14 | 649.23 |
| 2014-15 | 754.01 |
| 2015-16 | 647.20 |

(സി) ഏലത്തിന് ഇപ്പോൾ ലഭിക്കുന്ന വില കുറവാണ് എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഏലത്തിന്റെ വില 2016 ജനുവരി അവസാനം കിലോക്ക് 618.94 ആയിരുന്നത് നേരിയതോതിൽ കുറഞ്ഞ് 548.96 ആയിട്ടുണ്ട്.

ഏലത്തിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ സ്പൈസസ് ബോർഡ് മുഖേന നടപ്പിലാക്കുന്നുണ്ട്.

(ഡി) ഏലത്തിന്റെ വിപണി വില കുറയാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ഡി) ഏലത്തിന്റെ ആവശ്യകതയും വിപണിയിലെ ലഭ്യതയുമനുസരിച്ച് വിപണിവിലയിൽ ചെറിയ തോതിലുള്ള ഏറ്റകുറച്ചിലുകൾ ഉണ്ടാകുന്നതായി കാണുന്നു.

2016 ജനുവരി 23 ന് അവസാനിക്കുന്ന ആഴ്ചയിലെ കണക്കു പ്രകാരം ഏലത്തിന്റെ വില കിലോക്ക് 575.90 രൂപയായിരുന്നത്, ജനുവരി

മാസം 31 ന് അവസാനിക്കുന്ന ആഴ്ച കിലോക്ക് 618.94 ആയി ഉയരുകയും ഫെബ്രുവരി മാസം ഇപ്പോഴത്തെ വില കിലോക്ക് 548.96 ആയി കുറയുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| (ഇ) | ഏലത്തിന്റെ വിപണി വില മെച്ചപ്പെടുത്തി (ഇ) & കർഷകരെ സഹായിക്കുന്നതിനായി (എഫ്) പുതിയ കർമ്മപദ്ധതി ആവിഷ്കരിക്കുമോ; | ഇപ്പോൾ പരിഗണനയിലില്ല. |
| (എഫ്) | കടത്തിൽപ്പെട്ട ഏലം കർഷകരുടെ കാർഷിക വായ്പ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ